# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 3533 17.12.2015 - ൽ മറുപടിക്ക്

### അസിസ്റ്റന്റ്/ഓഡിറ്റർ തസ്തികകളിലെ നിയമനം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. കെ.എൻ.എ.ഖാദർ | | ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി |

(എ) സെക്രട്ടേറിയറ്റ്, ലോക്കൽഫണ്ട് ആഡിറ്റ്, അഡ്വക്കേറ്റ് ജനറൽ ഓഫീസ്, പി.എസ്.സി. എന്നിവിടങ്ങളിൽ അസിസ്റ്റന്റ്/ഓഡിറ്റർ തസ്തികകളിൽ നിലവിൽ എത്ര ഒഴിവുകളുണ്ട്;

(എ) ലോക്കൽ ഫണ്ട് ആഡിറ്റ് ഡിപ്പാർട്ടുമെന്റിൽ ഓഡിറ്റർ തസ്തികയിൽ 32 ഒഴിവുകളും, അഡ്വക്കേറ്റ് ജനറൽ ഓഫീസിൽ അസിസ്റ്റന്റ് തസ്തികയിൽ 1 ഒഴിവും നിലവിലുണ്ട്. അസിസ്റ്റന്റ്/ആഡിറ്റർ തസ്തികയുടെ തെരെഞ്ഞെടുപ്പിനായി നിലവിൽ P.S.C.-ക്ക് റിപ്പോർട്ട് ചെയ്യപ്പെട്ട ഒഴിവുകൾ ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| 1. | അഡ്വക്കേറ്റ് ജനറൽ ഓഫീസ് | 1 പ്രതീക്ഷിത ഒഴിവ് (01.12.15)<br>1 Fresh ഒഴിവ് | 2 |
| 2. | GAD | 8 പ്രതീക്ഷിത ഒഴിവ് (1.12.15) | 8 |
| 3. | Finance | 4 Fresh ഒഴിവ് | 4 |
| 4. | KPSC | 3 Fresh ഒഴിവ് | 3 |
| | | ആകെ ഒഴിവുകൾ | 17 |

(ബി) 2016 മാർച്ച് 31 വരെ പ്രസ്തുത തസ്തികയിൽ പ്രതീക്ഷിക്കുന്ന ഒഴിവുകളെത്ര;

(ബി) 2016 മാർച്ച് മാസം വരെ ഉണ്ടാകാനിടയുള്ള പ്രതീക്ഷിത ഒഴിവുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1. | അഡ്വക്കേറ്റ് ജനറൽ ഓഫീസ് | 2 പ്രതീക്ഷിത ഒഴിവുകൾ |
| 2. | Finance | 2 പ്രതീക്ഷിത ഒഴിവുകൾ |
| 3. | Local Fund Audit Dept. | 16 പ്രതീക്ഷിത ഒഴിവുകൾ |

പൊതുഭരണ വകുപ്പിലെ പ്രതീക്ഷിത ഒഴിവുകൾ കണക്കാക്കി P.S.C.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

| | | | |
|---|---|---|---|
| (സി) | പ്രസ്തുത തസ്തികയിലെ നിലവിലെ എല്ലാ ഒഴിവുകളും പ്രതീക്ഷിത ഒഴിവുകളും പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലായെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ; | (സി) | നിലവിലെ ഒഴിവുകളും, പ്രതീക്ഷിത ഒഴിവുകളും P.S.C.-ക്ക് സമയബന്ധിതമായി റിപ്പോർട്ട് ചെയ്യാൻ നിയമനാധികാരികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഡി) | ടി വകുപ്പുകളിൽ പുതിയതായി അസിസ്റ്റന്റ്/ഓഡിറ്റർ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള ശിപാർശകൾ പരിഗണനയിലുണ്ടോ; എങ്കിൽ എവിടെയെല്ലാം; എത്ര വീതം തസ്തികകളാണ് സൃഷ്ടിക്കാൻ ശിപാർശ ലഭിച്ചിട്ടുള്ളത്; | (ഡി) | ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലില്ല. |
| (ഇ) | പ്രസ്തുത തസ്തികയിൽ നിലവിലുള്ള എല്ലാ ഒഴിവുകളിലും പ്രതിക്ഷിത ഒഴിവുകളിലും സൂപ്പർ ന്യൂമററിയായി ഉദ്യോഗാർത്ഥികൾക്ക് അടിയന്തരമായി നിയമനം നൽകുന്ന കാര്യം പരിഗണിയ്ക്കുമോ; | (ഇ) | ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലില്ല. |
| (എഫ്) | ആരോഗ്യസർവ്വകലാശാലയിലെ സമാന തസ്തികയിലേയ്ക്കുള്ള ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലെ നിയമനത്തിനായി സെക്രട്ടേറിയറ്റിൽ സൂപ്പർന്യൂമററി തസ്തികകൾ സൃഷ്ടിച്ച് നിയമനം നൽകുന്നതിനുള്ള ശിപാർശ പരിഗണനയിലുണ്ടോ? | (എഫ്) | ഇക്കാര്യത്തിൽ സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് റാങ്ക് ഹോൾഡേഴ്സ് നൽകിയ നിവേദനം സർക്കാർ പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ